പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . **2317** **18-06-2014** -ൽ മറുപടിക്ക്

മണ്ഡല ബ്ലോക്ക്തല മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.വി എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| കാലവർഷം മുന്നിൽ കണ്ട് പകർച്ചവ്യാധികൾ തടയുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പിനു കീഴിൽ മണ്ഡല ബ്ലോക്ക്തല പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങളുടെ അവലോകനം നടത്തിയിട്ടുണ്ടോ? | സംസ്ഥാന ജില്ലാ തലങ്ങളിൽ തയ്യാറാക്കിയ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതികൾ അനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. സംസ്ഥാന ജില്ലാതലങ്ങളിൽ കൂടാതെ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ബ്ളോക്ക്, ഗ്രാമ പഞ്ചായത്ത്, വാർഡ് തലങ്ങളിലും പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ സന്ദർശിച്ച് ശുചീകരണം, കൊതുക സർവ്വെ, കൊതുകുകളുടെ ഉറവിട നശീകരണം, |

| | |
|---|---|
| | ക്ലോറിനേഷൻ, ബോധവൽക്കരണം, രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ വാർഡ് തലത്തിൽ, വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ വഴി നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഏകോപനത്തിനും അവലോകനത്തിനുമായി വിവിധ തലങ്ങളിൽ യോഗങ്ങൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ